ക്രമ നമ്പർ	പഞ്ചായത്ത്	സമഗ്ര നാളികേര വികസന പദ്ധതി (ജില്ലാ പഞ്ചായത്ത്)	സി.ഡി.ബി.	കേരശ്രീ.	ആർ.കെ.വി.വൈ.	ആകെ
1.	ബാലുശ്ശേരി	1	1	2	1	5
2.	ഉള്ള്യേരി	1	...	2	2	5
3.	നന്മണ്ട	1	...	3	3	7
4.	തലക്കുളത്തൂർ	...	...	4	4	8
5.	എലത്തൂർ	1	...	3	1	5
6.	നടുവണ്ണൂർ	...	...	2	2	4
7.	അത്തോളി	...	...	3	1	4
8.	പനങ്ങാട്	...	3	2	1	6
	ആകെ	4	4	21	15	44

ജൈവരീതിയിൽ കറിവേപ്പില കൃഷി

235 (1205) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവരീതിയിൽ കറിവേപ്പില കൃഷി നടത്താൻ എന്തെങ്കിലും പ്രോത്സാഹനം ഇപ്പോൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങൾ കറിവേപ്പിലയിൽ എൻഡോ സൾഫാൻ തളിച്ച് കൃഷി ചെയ്യുന്ന സാഹചര്യത്തിൽ, അടിയന്തരമായി ഇവിടെ കറിവേപ്പില കൃഷികാർക്ക് സഹായം നൽകുന്നതിനും സർക്കാർ നിയന്ത്രണത്തിൽ കറിവേപ്പില കൃഷി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഒരു വീട്ടിൽ ഒരു കറിവേപ്പ് എന്ന മുദ്രാവാക്യം ഉയർത്തി കേരളത്തിലെ എല്ലാ വീട്ടുവളപ്പിലും കറിവേപ്പില തൈകൾ എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജൈവരീതിയിൽ കറിവേപ്പില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികളൊന്നും നിലവിലില്ല.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY KERALA LEGISLATIVE ASSEMBLY